ഭഗവാം സ്താസ്തഥാഭൂതാ വിവിക്ത ഉപസംഗത:
ആശ്ലിഷ്യാനാമയം പൃഷ്ട്വാ പ്രഹസന്നിദമബ്രവീത് (10-82-41)
അപ്യവധ്യായഥാസ്മാൻ സ്വിദകൃതജ്ഞാവിശങ്കയാ
നൂനം ഭൂതാനി ഭഗവാൻ യുനക്തി വിയുനക്തി ച (10-82-43)
മയി ഭക്തിർഹി ഭൂതാനാമമൃതത്വായ കല്പതേ
ദിഷ്ട്യാ യദാസീൻമത് സ്നേഹോ ഭവതീനാം മദാപന: (10-82-45)

*ശുകമുനി തുടർന്നു:*
ഒരിക്കൽ പൂർണ്ണസൂര്യഗ്രഹണാവസരത്തിൽ സമന്തപഞ്ചകം എന്ന സ്ഥലത്ത് രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ളവർ ഒത്തു ചേർന്നു. ഇവിടെയാണ് ദുഷ്ടരാജാക്കൻമാരെ കൊന്ന് അഞ്ചു തടാകങ്ങളിലായി പരശുരാമൻ രക്തം നിറച്ചത്. യാദവൻമാർ അവിടെ കൃഷ്ണന്റെ നേതൃത്വത്തിൽ മക്കളും ചെറുമക്കളുമായി സന്നിഹിതരായി. പാരമ്പര്യമനുസരിച്ച് പുണ്യതീർത്ഥത്തിൽ മുങ്ങി അവർ ഭഗവാനെ പൂജിച്ചു. ഉത്സവവിവരമറിഞ്ഞ് വൃന്ദാവനത്തിൽനിന്നും ഗോപൻമരും ഗോപികമാരും സമന്തപഞ്ചക ത്തിലെത്തിച്ചേർന്നു. നന്ദഗോപനും വസുദേവനും കണ്ടുമുട്ടിയ അവസരം തികച്ചും ഹൃദയഹാരിയായിരുന്നു. യാദവസ്ത്രീകളും ഗോപികമാരും പരസ്പരം സ്വാഗതമോതി. അന്ത:രീക്ഷം മുഴുവൻ ഭഗവൽപ്രേമത്തിന്റെ പരിവേഷത്തിലായിരുന്നു. എല്ലാവരും ശ്രീകൃഷ്ണനെപ്പറ്റി സംസാരിച്ചു.

പല രാജാക്കൻമാരും ഭരണസാരഥികളും യാദവരെ പുകഴ്ത്തി സംസാരിച്ചു. “ഇഹലോകത്തിലെ ജനങ്ങളിൽ നിങ്ങളാണ് ഏറ്റവും അനുഗ്രഹീതർ. ഏതു ഭഗവാന്റെ ഒരേയൊരു ദർശനത്തിനായി യോഗിവര്യൻമാർ ആഗ്രഹിക്കുന്നുവോ, ആ ഭഗവാൻ നിത്യവും നിങ്ങളുടെ കൂടെയുണ്ട്. നിങ്ങൾക്ക് ഭഗവാനുമായി രക്ത ബന്ധം പോലുമുണ്ട്. നിങ്ങൾ അദ്ദേഹത്തെ കാണുന്നു. ഒരുമിച്ച് ഭക്ഷണം കഴിക്കുന്നു, അദ്ദേഹത്തെ തൊടുന്നു. ഒരെയൊരുതവണ ദർശനഭാഗ്യം ലഭിച്ചാൽ തന്നെ സായൂജ്യം ലഭിക്കുന്ന ആ ഭഗവാന്റെകൂടെ നിങ്ങൾ എപ്പോഴും കഴിയുന്നു.”

രോഹിണിയും ദേവകിയും യശോദയോട് തങ്ങൾക്കുള്ള ബഹുമാനവും നന്ദിയും കടപ്പാടും വെളിപ്പെടുത്തി. “കംസനോടുള്ള ഭയം നിമിത്തം ഞങ്ങളുടെ മക്കളെ ഭവതിയെ ഏൽപ്പിച്ചു. വളരെക്കാലം അവർ സ്വന്തം മാതാപിതാക്കളെ കാണുകയുണ്ടായില്ല. നിങ്ങളാണെങ്കിൽ സ്വന്തമെന്നോ അല്ലെന്നോ ഉള്ള യാതൊരു ഭാവഭേദവുമില്ലാതെ അവരെ വളർത്തി വലുതാക്കി. ”

ഗോപികമാർ കൃഷ്ണപ്രേമസാഗരത്തിൽ നീന്തി ഭഗവാനെ വീണ്ടും വീണ്ടും കണ്ണുകളിലൂടെ ഹൃദയത്തിൽ നിറച്ച് ഭഗവാനുമായി ഒന്നു ചേർന്നു. കൃഷ്ണനും അവരെ രഹസ്യമായി സന്ധിച്ചു. ങ്കഭഗവാനാണ് ആളുകളെ അടുപ്പിക്കുന്നതും അകറ്റുന്നതും. നിങ്ങൾക്ക് എന്നോട് പരമമായ പ്രേമമുള്ളതിനാൽ നിങ്ങൾ അനുഗ്രഹീതരത്രെ. കാരണം എന്നെ പ്രേമിക്കുന്നത് അമരത്വത്തിലേക്കുള്ള പാതയത്രെ. ഭാഗ്യം കൊണ്ട് നിങ്ങളാപ്രേമം വളത്തിയെടുത്തിരിക്കുന്നു. ഞാൻ എല്ലാറ്റിന്റെയും ആത്മമസത്തയത്രെ. ഞാൻ അവയുടെ ആദിയും ജീവിതവും ലക്ഷ്യവുമത്രെ. എല്ലാ ജീവജാലങ്ങളുടെയും സത്ത ആത്മാവും ശരീരം അതിനെ പൊതിയുന്ന വസ്ത്രവുമത്രെ. ഞാൻ ഇവയ്ക്കെല്ലാം അതീതനാണ്. എന്നാൽ നിങ്ങളെല്ലാം എന്നിലാണ് നിലകൊള്ളുന്നത്.ങ്ക ഭഗവാന്റെ ഈ മഹാസന്ദേശം ധ്യാനിച്ച് ഗോപികമാർ സായൂജ്യം പ്രാപിച്ചു. തുടർന്നും ഭ ഗവൽപ്രേമത്തിൽ വിരാജിക്കാനിടവരണമെന്ന് അവർ പ്രാർത്ഥിച്ചു.